**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5232** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഗതാഗത വകുപ്പിന്റെ വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത വകുപ്പിന് എത്ര വാഹനങ്ങളാണുള്ളതെന്ന് അറിയിക്കാമോ; | (എ) | ഗതാഗത വകുപ്പിൽ കെ.എസ്.ആർ.ടി. സിക്ക് ഒഴികെ ആകെ 237 വാഹനങ്ങളാണുള്ളത്. വാഹനങ്ങൾ സംബന്ധിച്ച വിശദാംശം താഴെ കണ്ടാലും. i. സംസ്ഥാന ജലഗതാഗത വകുപ്പ് -- 3 ii. മോട്ടോർ വാഹന വകുപ്പ് --229 iii. റോഡ് സുരക്ഷാ അതോറിറ്റി--5 കെ.എസ്.ആർ.ടി.സി.യ്ക്ക് 17 വെറ്റ്‌ലീസ് ബസ്സുകളടക്കം 6,202 ബസ്സുകൾ, ഇതര ആവശ്യത്തിനായി ഉപയോഗിക്കുന്ന വർക്ക്ഷോപ്പ് വാൻ 115, ഇൻഫോവീൽ 1, ആംബുലൻസ് 3, ഡീസൽ ടാങ്കർ 9, സ്റ്റാഫ് വാഹനങ്ങൾ 68 എന്നിവയടക്കം ആകെ 6,398 വാഹനങ്ങളുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. പൊതുഗതാഗത സംവിധാനത്തിനായി ഉപയോഗിക്കുന്ന ബസ്സുകൾ എത്രയെന്നും സർവ്വീസ് നടത്താതെ ഗാരേജുകളിൽ കിടക്കുന്നവ എത്രയെന്നും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ എത്രയെന്നും വിശദമാക്കാമോ; | (ബി) | (a) പൊതു ഗതാഗതത്തിനായി കെ.എസ്.ആർ.ടി.സി നിലവിൽ (27.10.2021) 4462 ബസ്സുകളാണ് വിവിധ ഡിപ്പോകൾക്കായി നൽകിയിട്ടുള്ളത്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്താത്ത സാഹചര്യത്തിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി 1736 ബസ്സുകൾ റിസർവ് പൂളിൽ ഉൾപ്പെടുത്തി സുരക്ഷിത കേന്ദ്രങ്ങളിൽ പാർക്ക് ചെയ്തിട്ടുണ്ട്. (b) വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിൻറെ ഭാഗമായി 3 സ്ലീപ്പർ ബസ്സുകളും കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ആവശ്യത്തിലേക്കായി ഒരു ബസ്സ് മൊബൈൽ മെഡിക്കൽ യൂണിറ്റായും ഉപയോഗിച്ച് വരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്ത ബസ്സുകളിൽ നിന്നും 40 ബസ്സുകൾ ഷോപ്പ് ഓൺ വീൽസായും, 12 ബസ്സുകൾ സ്റ്റാഫ് സ്ലീപ്പറായും രൂപമാറ്റം വരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നിന്ന് പ്രതിമാസം ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ നൂതന സംരംഭമായ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത നാല് ബസുകൾ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി, |

| | | | |
|---|---|---|---|
| | | | വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ , കുടുമ്പശ്രീ, ഹോർട്ടി കോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ഇനത്തിൽ പ്രതിമാസം 80,000/- രൂപ ലഭിച്ച് വരുന്നു. പട്ടിക ജാതി വികസന വകുപ്പിനും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ഇനത്തിൽ പ്രസ്തുത വകുപ്പ് പ്രതിമാസം 15,000/- രൂപ എന്ന നിരക്കിൽ ഒരു വർഷത്തെ തുകയായ 25,20,000/- രൂപ ഒടുക്കിയിട്ടുണ്ട്. കൂടാതെ മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്, Sight seeing എന്നിവ നടപ്പിലാക്കിയ ഇനത്തിൽ പ്രതിമാസം 3,55,508/- രൂപ ശരാശരി തുക ലഭിച്ച് വരുന്നു. കോവിഡ് മഹാമാരി കാരണം മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ്, Sight seeing എന്നീ പദ്ധതികൾക്ക് മുടക്കം വന്നിട്ടുണ്ട്. ആയതിനാൽ ലോക്ഡൌൺ നിബന്ധനകൾക്ക് കുറച്ച് ഇളവുകൾ പ്രാബല്യത്തിൽ ഉള്ള കാലയളവിലെ ശരാശരി തുകയാണ് കണക്കാക്കിയി രിക്കുന്നത്. കോവിഡ്-19ന് മുമ്പുള്ള സാഹചര്യം പ്രാബല്യത്തിൽ വരുമ്പോൾ കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 ലോഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാൻറ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. |
| (ഡി) | യാത്രാ ഫ്യുവൽ പദ്ധതിയിലൂടെ ലഭ്യമാകുന്ന വരുമാനവും അതിനായുള്ള പ്രതിമാസ ചെലവും വിശദമാക്കുമോ? | (ഡി) | 2021 സെപ്റ്റംബർ 15 മുതലാണ് കെ.എസ്.ആർ.ടി.സി യിൽ യാത്രാ ഫ്യുവൽ ആരംഭിച്ചത്. 2021 സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 14 വരെ ഡീലർ കമ്മീഷൻ വഴിയുള്ള വരുമാനം 11.65 ലക്ഷം രൂപയാണ്. കെ.എസ്.ആർ.റ്റി.സി.യിലെ നിലവിലുള്ള ജീവനക്കാരെ നിയോഗിച്ചാണ് യാത്രാ ഫ്യൂവൽ പ്രവർത്തിച്ച് വരുന്നത്. ജീവനക്കാരുടെ ശമ്പളം ഒഴികെ മറ്റ് ഇനത്തിൽ ആകെ 4.22 ലക്ഷം രൂപയാണ് ടി കാലയളവിൽ ചെലവായത്. |

സെക്ഷൻ ഓഫീസർ